പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 59 27.9.2011-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ..എ.എ.അസീസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളെ മാറ്റി പുതുതായി നിയമനം നടത്തി എന്ന് വ്യക്തമാക്കുമോ; | **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയ മേധാവികളെ നിയമിക്കുകയുണ്ടായി.<br>1. United Electrical Industries Ltd<br>2. Kerala Clays & Ceramic Products Ltd.<br>3. Kerala Automobiles Ltd<br>4. Autokast Ltd<br>5. CAPEX<br>6. Keltron Electro Ceramics Ltd<br>7. Forest Industries Travancore Ltd |
| **(ബി)** എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു; എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഭീമമായ നഷ്ടത്തിൽ പ്രവർത്തിക്കുന്നു; | **(ബി)** വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ Monthly performance അവലോകനത്തിനായി പരിഗണിച്ച ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന 34 സ്ഥാപനങ്ങളിൽ 2011-12 സാമ്പത്തിക വർഷം April 2011 മുതൽ August 2011 വരെയുള്ള കാലയളവിൽ 11 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് 23 സ്ഥാപനങ്ങളാണ്.<br>Kerala State Textile Corporation Ltd, Kerala State Handlooom Development Corporation Ltd. Kerala State Electronics Dev.Corporation Ltd., KEL. Traco Cable Company Ltd എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുമാണ് ഭീമമായ നഷ്ടമുണ്ടാക്കിയിരിക്കുന്നത്. കൂടാതെ സഹകരണ മേഖലയിലുള്ള കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ എന്നിവയും ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |

**(സി)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

**(സി)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

➢ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കായി 2011-12 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 54.10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുകയിൽ 10 കോടി രൂപ KELTRON-ന്റെ നവീകരണമുൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കമ്പനികൾക്ക് അനുവദിച്ച സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

- ടെക്സ്റ്റൈൽ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി Kerala State Textile Corporation Limited, Texfed-ന്റെ അധീനതയിൽ വരുന്ന സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്കായി 14 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരവും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

- മേൽപറഞ്ഞവ കൂടാതെ Steel Complex Ltd, Kerala Electrical & Allied Engineering Company Ltd, Sitaram Textiles, Kerala Automobiles Ltd, SILK, Forest Industries Travancore Ltd, Kerala State Drugs & Pharmaceuticals Ltd, Keltron Component Complex Ltd, KSEDC എന്നീ സ്ഥാപനങ്ങളുടെ നവീകരണപ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണിയിനത്തിലും സഹായം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

• KELTRON-ൻെറ BIFR-ന് സമർപ്പിക്കുന്നതിനായുള്ള പുനരുദ്ധാരണ പാക്കേജിൽ കമ്പനിയുടെ Authorised share capital 200 കോടിരൂപയായി ഉയർത്തുന്നതിനും 84.37 കോടിരൂപയുടെ വായ്പകൾ ഇക്വിറ്റിയായി മാറ്റുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

➢ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ഒരു ഇൻറർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ റിയാബിൽ സജ്ജമാക്കിയിട്ടുണ്ട്.

➢ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായി പരിശീലന പരിപാടികൾ റിയാബ് മുഖേനയും കമ്പനിതലത്തിലും നടപ്പിലാക്കിവരുന്നു.

➢ കമ്പനികളിലെ ഇൻേറണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ റിയാബ് മുഖേന ചാർട്ടേർഡ് അക്കൗണ്ടൻറ്സിൻെറ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

➢ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിൻെറ ഭാഗമായി അതാത് മേഖലകളിൽ Expert Committees രൂപികരിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി മേൽപറഞ്ഞവ കൂടാതെ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളും വിഭാവനചെയ്തുവരുന്നു.

- ഇ-പ്രൊക്യുർമെൻറ് സംവിധാനത്തിൻെറയും ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിൻെറയും നടപ്പാക്കൽ
- നിർമ്മാണം പൂർത്തീകരിച്ച പുതിയ വ്യവസായ സംരംഭങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കർമ്മപദ്ധതി
- കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയോജിച്ചുള്ള പ്രവർത്തനം
- ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തൽ
- സ്ഥാപനങ്ങൾക്ക് വികസന ബാങ്കുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുക
- കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MoU സംവിധാനം
- Accountant General-യുമായി യോജിച്ചുകൊണ്ടുള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം.

സെക്ഷൻ ഓഫീസർ

15

# Details of proposals of PSUs placed before the WG/Spl WG - 2011-12 for release of funds from the head of account 4885-60-800-96(P)-Rs.5410 lakhs under Department of Industries & Commerce

| Sl.No | Company | Purpose | Amount allotted / sanctioned by Working Group / Spl WG. (Amount in Lakhs) | Remarks |
|---|---|---|---|---|
| | **Proposals appoved by WG/Spl WG** | | | |
| 1 | Steel Complex Ltd | Working Capital Support | 300.00 | GO.(Rt).No.878/11/ID dated 18-7-11 |
| 2 | Steel Complex Ltd | For settling the dues to KMML against the payment of dues with KSEB before 31-03-2011 | 460.37 | GO.(Rt).No.6073/2011/Fin dated 05-08-11 issued by Fin(Bud-G) Dept. |
| 3 | Alleppey Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 62.00 | Approved in the Working Group Meeting held on 03-08-11 |
| 4 | Cannannore Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 103.00 | Approved in the Working Group Meeting held on 03-08-11 |
| 5 | Malappuram Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 127.00 | Approved in the Working Group Meeting held on 03-08-11 |
| 6 | Quilon Co-operative Spinning Mills LTD | Immediate assistance for Centralised Cotton Purchase. | 127.00 | Approved in the Working Group Meeting held on 03-08-11 |
| 7 | Trichur Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 124.00 | Approved in the Working Group Meeting held on 03-08-11 |
| 8 | Sitaram Textiles Ltd | Immediate assistance for Centralised Cotton Purchase. | 75.00 | Approved in the Working Group Meeting held on 03-08-11 |
| 9 | Kerala State Textile Corporation Ltd | Immediate assistance for Centralised Cotton Purchase. | 782.00 | Approved by the Special Working Group meeting |
| | **Sub Total** | | **2,160.37** | |

22/9/11

Section Officer

**Comparison of Performance of PSUs for the period 2010-11 (Apr-Aug) and 2011-12 (Apr-Aug)**

| Sl NO | Company | Net Profit / Loss (2010-11 Apr-Aug) | Net Profit / Loss (2011-12 Apr-Aug) |
|---|---|---|---|
| | | | Rs.in lakhs |
| 1 | The Kerala Minerals and Metals Ltd. | 4783.74 | 7395.25 |
| 2 | Malabar Cements Ltd | 651.08 | 2428.34 |
| 3 | Travancore Titanium Products Ltd | 636.15 | 1708.97 |
| 4 | Transformers and Electricals Kerala Ltd | 619.24 | 521.79 |
| 5 | Kerala State Drugs & Pharmaceuticals Ltd | 81.39 | 250.86 |
| 6 | Steel and Industrial Forgings | 50.64 | 146.31 |
| 7 | Kerala Clays & Ceramic Products Ltd. | 89.69 | 91.88 |
| 8 | Steel Industrials Kerala Ltd | 65.45 | 9.30 |
| 9 | Kerala State Bamboo Corporation Ltd. | 14.20 | 1.25 |
| 10 | The Metal Industries | -8.79 | -12.42 |
| 11 | The Kerala Ceramics Ltd | -56.82 | -23.99 |
| 12 | United Electrical Industries Ltd. | -17.45 | -83.92 |
| 13 | Keltron Component Complex Ltd | -37.73 | -87.91 |
| 14 | HANTEX | -213.72 | -104.65 |
| 15 | The Travancore Cements Ltd | -265.00 | -105.00 |
| 16 | Kerala Automobiles Ltd | -32.26 | -189.49 |
| 17 | Steel Complex Ltd | -346.72 | -191.20 |
| 18 | The Cannannore Co-op.Spinning Mills Ltd | -37.16 | -236.59 |
| 19 | The Malappuram Co-operative Spinning Mills Ltd | -2.00 | -298.39 |
| 20 | Kerala State Handloom Development Corporation Ltd. | -154.10 | -328.39 |
| 21 | Kerala Electrical & Allied Engineering Company Ltd | -341.06 | -482.34 |
| 22 | Kerala State Electronic Development Corporation Ltd | -404.97 | -548.18 |
| 23 | Kerala State Textile Corporation Ltd | -28.00 | -1157.64 |
| | **Loss to Profit** | | |
| 24 | Travancore-Cochin Chemicals Ltd | -233.23 | 520.17 |
| 25 | Keltron Electro Ceramics Ltd | -33.80 | 66.60 |
| | **Profit to Loss** | | |
| 26 | Kerala State Palmyrah Products Development and workers welfare corporation ltd | 0.55 | -5.20 |
| 27 | Handicrafts Development Corporation (Kerala) Ltd | 3.11 | -17.81 |
| 28 | Forest Industries (Travancore) Ltd | 13.42 | -61.88 |
| 29 | Autokast Ltd | 13.13 | -108.54 |
| 30 | Sitaram Textiles Ltd | 32.82 | -124.49 |
| 31 | Alleppey Co-operative Spinning Mills | 22.96 | -158.22 |
| 32 | The Quilon Co-operative Spinning Mills Ltd | 1.60 | -184.92 |
| 33 | Traco Cable Company Ltd | 134.46 | -221.54 |
| 34 | The Trichur Co-operative Spinning Mills Ltd. | 23.78 | -268.20 |
| | **Total** | **5024.60** | **8139.81** |

Section Officer